# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1636.

08-06-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, മുഹമ്മദ് മുഹസിൻ പി.
ശ്രീമതി സി.കെ. ആശ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനു നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ കെ വി വൈ എന്നീ പദ്ധതികളും നടപ്പാക്കുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നെൽകൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | ഉല്പാദനക്ഷമത ഓരോ വിത്തിന്റെയും ജനിതക സ്വഭാവമാണ്. അനുകൂലമായ സാഹചര്യങ്ങളിലാണ് അതു പൂർണ്ണമായും പ്രതിഫലിക്കുക. ഉപയോഗിച്ചിരിക്കുന്ന വിത്തിന് അനുകൂലമായ കാലാവസ്ഥയും പരിചരണവും ലഭിച്ചാൽ പൂർണ്ണമായ ഉല്പാദനക്ഷമത കൈവരിക്കാം. നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ കെ വി വൈ പദ്ധതി എന്നിവ മുഖാന്തിരം ഉല്പാദനോപാധികൾക്ക് സബ്സിഡി നൽകുന്നത് ഉല്പാദനക്ഷമതാ വർദ്ധനവ് മുൻനിർത്തിയാണ്. അത്യുല്പാദനശേഷിയുള്ള മേൽത്തരം വിത്തുകൾ, മണ്ണുപരിശോധനയെ അടിസ്ഥാനപ്പെടുത്തിയുള്ള സംയോജിത വള പ്രയോഗം, പരിസ്ഥിതിക്ക് പരിഗണന നൽകിയുള്ള സംയോജിത സസ്യ |

| | | | |
|---|---|---|---|
| | | | സംരക്ഷണ മാർഗ്ഗങ്ങൾ, നടീൽ, വിളവെടുപ്പ് എന്നിവയിലുള്ള യന്ത്രവൽക്കരണം എന്നിവ അവലംബിച്ചുള്ള ശാസ്ത്രീയ കൃഷി സമ്പ്രദായം നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് സാദ്ധ്യമാക്കി. |
| (സി) | കരനെൽകൃഷി വ്യാപിപ്പിക്കുന്നത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ; | (സി) | നെല്പാടങ്ങളുടെ വിസ്തൃതി ഒരു നിശ്ചിത അളവിൽ കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തെങ്ങിൻപുരയിടങ്ങൾ ഉൾപ്പെടെ അനുയോജ്യമായ കരപ്രദേശങ്ങളിൽ നെൽ കൃഷി പ്രാവർത്തികമാക്കുന്നു. ഗാർഹിക ഉപഭോഗം മുൻനിർത്തിയാണു പ്രധാനമായും കരനെൽ കൃഷി പദ്ധതി നടപ്പാക്കുന്നത്. ആയതിനു ഹെക്ടറൊന്നിനു 13600/- രൂപ സബ്സിഡി നൽകുന്നു.കേരളത്തിൽ നെൽ വയലുകളുടെ പരിമിതി കണക്കാക്കുമ്പോൾ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിൽ കരനെൽകൃഷിയും പങ്കു വഹിക്കുന്നു. |
| (ഡി) | വർഷങ്ങളായി തരിശ് കിടന്നിരുന്ന ഭൂമിയിൽ ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കൃഷി ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങളും അതിന്റെ ഫലപ്രാപ്തിയും വ്യക്തമാക്കുമോ? | (ഡി) | വർഷങ്ങളായി തരിശു കിടന്നിരുന്ന നെൽപാടങ്ങളെ കൃഷിയോഗ്യമാക്കി നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016-17, 2017-18 വർഷങ്ങളിൽ തരിശു കിടന്നിരുന്ന 8268 ഹെക്ടർ നെൽ പാടങ്ങളിൽ നെൽ കൃഷി തിരിച്ചുകൊണ്ടുവരുവാൻ സാധിച്ചു. ഇതിനുപുറമേ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിലൂടെയും കരനെൽകൃഷി, ബ്ലോക്ക് തലത്തിലുള്ള പദ്ധതികളുടെ ഏകോപനം എന്നിവയിലൂടെ 23618 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യുന്നതിന് സാധിച്ചു.<br>ഈ പദ്ധതി നടപ്പിലാക്കുകവഴി കൂടുതൽ ഭൂമി നെൽ കൃഷിയിൽ കൊണ്ടുവരാനും ഉല്പാദനം വർദ്ധിപ്പിക്കാനും സാധിച്ചു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

a. **നെൽകൃഷി വികസന പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി)**

* **സുസ്ഥിര നെൽകൃഷി**

2018-19 സാമ്പത്തിക വർഷം സുസ്ഥിര നെൽകൃഷി വികസനം പദ്ധതി ഘടകം പ്രകാരം ഉൽപ്പാദനോപാധികളുടെ ചെലവിനായി ഹെക്ടറൊന്നിനു 5500/- രൂപ സബ്സിഡി നിരക്കിൽ 6000 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

മുൻ വർഷങ്ങളിൽ ഈ ഘടകം പ്രകാരം ഹെക്ടറൊന്നിന് 1500/- രൂപയായിരുന്നു സബ്സിഡി നൽകിയിരുന്നത്.

- **നെൽ വികസന ഏജൻസികൾക്കുള്ള ഫണ്ട്-**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് അടിസ്ഥാനത്തിൽ ഈ സഹായം നെൽ വികസന ഏജൻസികൾക്ക് ലഭ്യമാക്കും.

- **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

* **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള ധനസഹായം-**

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം ഒരു പാടശേഖരത്തിനു പരമാവധി 50000 രൂപ വരെ ധനസഹായം നൽകുന്നു.

- **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡിയും കരനെൽ- സമിതി രജിസ്ട്രേഷനുള്ള സഹായവും ഉൾപ്പെടെ ആകെ 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500/- രൂപയും നൽകുന്നു. ഈയിനത്തിൽ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **ഒരുപ്പ കൃഷി ഇരുപ്പ കൃഷിയാക്കുന്നതിന്.**

ഒരുപ്പ കൃഷി ഇരുപ്പ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1600 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. ഈ ഘടകത്തിനായി 2018-19 ൽ 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

* **നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

**b. പ്രത്യേക കാർഷിക മേഖല**

നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിനു സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന സംസ്ഥാനാവിഷ്കൃത നോൺ പ്ലാൻ പദ്ധതികളും നടപ്പിലാക്കിവരുന്നു.

* **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) -**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി വരുന്നു.

- **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചന ത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

കേന്ദ്ര സർക്കാർ നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ കെ വി വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**a)** **ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി** പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ചേർത്ത് 172.20 ലക്ഷം രൂപയുടെ പദ്ധതിക്ക് 2018-19 വർഷം കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുക.

**b)** **RAD-NMSA** തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിനു ഹെക്ടറൊന്നിനു 50% സബ്സിഡി (പരമാവധി 10000/- രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

**c)** **പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന** പ്രകാരം നെൽകൃഷിക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും കാര്യക്ഷമമായ ജലവിനിയോഗത്തിനും ഊന്നൽ നൽകുന്നു.

**d)** ആർ കെ വി വൈ പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകത്തിനായി 4500 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിരുന്നില്ല. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കുന്ന പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നു. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലകവളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിനു 4500/- രൂപ ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

**സെക്ഷൻ ഓഫീസർ**